# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 43 11.12.2012 ലെ മറുപടിക്ക്

## തീരദേശ റെയിൽവേ സോൺ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :<br>,, സി. മോയിൻകുട്ടി :<br>" എം.പി. അബ്ദുസ്സമദ് സമദാനി :<br>" അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനായി തീരദേശ റെയിൽവേ സോൺ എന്ന ആശയം പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ; | (എ) | തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളും കൊങ്കൺ റയിൽവേയും ചേർത്ത് പെനിൻസുലാർ റയിൽവേ സോൺ എന്ന ആശയം പരിഗണിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | തീരദേശ ലൈൻ കൂടുതലുള്ളതിനാൽ റെയിൽവേ സോൺ എന്ന ആവശ്യം പ്രായോഗികമാണെന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; | (ബി) | ഉണ്ട്. കേരളത്തിന്റെ റെയിൽവേ വികസനം പൂർണ്ണമാകുന്നതിന് ഉതകും വിധം കേരളത്തിലെ രണ്ട് റയിൽവേ ഡിവിഷനുകളായ തിരുവനന്തപുരം, പാലക്കാട് റയിൽവേ ഡിവിഷനുകളും കൊങ്കൺ റയിൽവേയും ചേർത്ത് പെനിൻസുലാർ റയിൽവേ സോൺ രൂപീകരിക്കണമെന്നത് സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങളിലൊന്നാണ്. |

| | | | |
|---|---|---|---|
| (സി) | ഇക്കാര്യത്തിൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തി ആവശ്യം നേടിയെടുക്കാൻ നടപടി സ്വീക രിക്കുമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. അനുബന്ധമായി വച്ചിരിക്കുന്ന 14.11.2012 ലെ ഡിഒ നം. 1396/N/2012/M(P&Tr) നമ്പർ കത്ത് മുഖേനയും സംസ്ഥാന ത്തിനായി റയിൽവേ സോൺ എന്ന ആവശ്യം നടപ്പിലാക്കാൻ 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ ആവശ്യമായ വകയിരുത്തലുകൾ വരുത്തണമെന്നുമുള്ള കാര്യം ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ 30.11.2012 ലെ നം. 5598/ഡി2/2012/ട്രാൻ ഡിഒ കത്ത് മുഖേന കേന്ദ്ര സർക്കാരിനു സമർപ്പിച്ച നിവേദനം മുഖേനയും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യ പ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ